# 96/2025

| ചോദ്യ പുസ്തക അക്ഷര കോഡ് | A |
| --- | --- |

ചോദ്യ പുസ്തക ക്രമ നമ്പർ

**ചോദ്യങ്ങളുടെ ആകെ എണ്ണം : 100** **സമയം : 1 മണിക്കൂർ 30 മിനിട്ട്**

**പരമാവധി മാർക്ക് : 100**

## <u>ഉദ്യോഗാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ</u>

1. ചോദ്യ കടലാസ്സ് നൽകുന്നത് ചോദ്യ പുസ്തക രൂപത്തിലാണ്. **A, B, C, D** എന്നീ നാല് അക്ഷര കോഡുകളിലുള്ള ചോദ്യ പുസ്തകങ്ങളാണ് നൽകുന്നത്.
2. ചോദ്യ പുസ്തകത്തിന്റെ മുകളിൽ ഇടത് വശത്ത് പ്രത്യേക കോളത്തിൽ ചോദ്യ പുസ്തക അക്ഷര കോഡ് അച്ചടിച്ചിട്ടുണ്ട്.
3. ഓരോ ഉദ്യോഗാർത്ഥിക്കും നൽകിയിട്ടുള്ള ചോദ്യ പുസ്തക അക്ഷര കോഡ് അവരുടെ പരീക്ഷാ ഹാളിലെ ഇരിപ്പിടത്തിൽ രേഖപ്പെടുത്തിയിരിക്കും.
4. നിങ്ങൾക്കനുവദിച്ചിരിക്കുന്ന അക്ഷര കോഡിൽ നിന്നും വ്യത്യസ്തമായ കോഡിലുള്ള ചോദ്യ പുസ്തകമാണ് ലഭിക്കുന്നതെങ്കിൽ അത് ഉടനടി ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.
5. ചോദ്യ പുസ്തക ക്രമനമ്പർ പുറംചട്ടയുടെ വലതുവശത്ത് മുകളറ്റത്തായി ചേർത്തിട്ടുണ്ട്. ക്രമ നമ്പർ ഇല്ലാത്ത ചോദ്യ പുസ്തകമാണ് നിങ്ങൾക്ക് ലഭിക്കുന്നതെങ്കിൽ അതേ അക്ഷര കോഡിലുള്ള ചോദ്യ പുസ്തകം മാറ്റി വാങ്ങുക.
6. ചോദ്യ പുസ്തകം വലതു മാർജിനിൽ മദ്ധ്യ ഭാഗത്തായി സീൽ ചെയ്തിരിക്കും. ഉത്തരമെഴുതാനുള്ള അനുമതി ലഭിച്ചാലല്ലാതെ ചോദ്യ പുസ്തകം തുറക്കാൻ പാടില്ല.
7. പരീക്ഷ തുടങ്ങിയാലുടൻ ഉദ്യോഗാർത്ഥി തനിക്ക് ലഭിച്ചിരിക്കുന്ന ചോദ്യ പുസ്തകത്തിൽ 100 ചോദ്യങ്ങളും ക്രമമായി ഉണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. ചോദ്യ പുസ്തകത്തിൽ അച്ചടിക്കാത്തതോ, കീറിയതോ, വിട്ടുപോയതോ ആയ പേജുകൾ ഉണ്ടാകില്ല; അഥവാ ഉണ്ടെങ്കിൽ അക്കാര്യം ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽ കൊണ്ടുവരികയും അതേ അക്ഷര കോഡിലുള്ള പൂർണ്ണമായ ചോദ്യ പുസ്തകം മാറ്റി വാങ്ങുകയും ചെയ്യേണ്ടതാണ്. ഇത് ഏറ്റവും പ്രധാനപ്പെട്ടതാണ്.
8. ചോദ്യ പുസ്തകത്തിന്റെ അവസാനം ഒന്നും എഴുതാത്ത ഒരു കടലാസ് ചേർത്തിട്ടുണ്ട്. ഇത് ഉത്തരം കണ്ടുപിടിക്കുന്നതിനുള്ള കുറിപ്പുകൾക്കായി ഉപയോഗിക്കാവുന്നതാണ്.
9. **ഉത്തരങ്ങൾ രേഖപ്പെടുത്താൻ ആരംഭിക്കുന്നതിന് മുമ്പ് ഉത്തരക്കടലാസിന്റെ മറുപുറത്തുള്ള നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക.**
10. ശരിയുത്തരം ഉൾപ്പെടെ ഓരോ ചോദ്യത്തിനും **(A), (B), (C), (D)** എന്ന നാല് ഉത്തരങ്ങൾ തന്നിരിക്കും. ശരിയുത്തരം തെരഞ്ഞെടുത്ത് ഒ.എം.ആർ. ഉത്തരക്കടലാസിൽ ബന്ധപ്പെട്ട ചോദ്യ നമ്പറിന് നേരെയുള്ള ശരിയുത്തരം സൂചിപ്പിക്കുന്ന കുമിള (ബബിൾ) മാത്രം നീലയോ കറുപ്പോ ബാൾ പോയിന്റ് പേന ഉപയോഗിച്ച് കറുപ്പിക്കുക.
11. **ഓരോ ശരിയുത്തരത്തിനും ഒരു മാർക്ക് ലഭിക്കുകയും ഓരോ തെറ്റുത്തരത്തിനും 1/3 മാർക്ക് നഷ്ടമാവുകയും ചെയ്യും. ഉത്തരം രേഖപ്പെടുത്താത്ത ചോദ്യങ്ങൾക്ക് മാർക്ക് നഷ്ടമാവുകയില്ല.**
12. പരീക്ഷാ സമയം കഴിയുന്നതിന് മുമ്പോ, ഉത്തരക്കടലാസ് ഇൻവിജിലേറ്ററെ ഏൽപ്പിക്കാതെയോ ഒരു ഉദ്യോഗാർത്ഥിയും പരീക്ഷാഹാൾ വിട്ട് പുറത്തുപോകാൻ പാടില്ല.
13. നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. പരീക്ഷയിൽ ക്രമക്കേട് നടത്തുകയോ അതിനുള്ള ശ്രമം നടത്തുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികളെ അയോഗ്യരായി പ്രഖ്യാപിക്കുന്നതാണ്.

A

DO NOT WRITE HERE

1. താഴെ പറയുന്നവയിൽ 1891-ലെ സമ്മതപ്രായ നിയമ (Age of Consent Act 1891) മായി ബന്ധപ്പെട്ട ശരിയായ പ്രസ്താവനകൾ തിരഞ്ഞെടുക്കുക.

   (A) 1891-ലെ സമ്മതപ്രായ നിയമം (Age of Consent Act 1891) നിലവിൽ വരുന്നതിനെതിരെ ദേശീയവാദി ആയ ബാലഗംഗാധര തിലകൻ ശക്തമായി പ്രതിഷേധിച്ചു

   (B) ഫൂൽമോണിദാസ് എന്ന ബംഗാളി പെൺകുട്ടി ഭർതൃപീഡനത്താൽ മരിച്ചത് ബ്രിട്ടീഷുകാരെ ഈ നിയമനിർമ്മാണത്തിന് പ്രേരിപ്പിച്ച ഒരു ഘടകമാണ്.

   (C) ബഹറാൻജി മലബാറി എന്ന സാമൂഹിക പരിഷ്കർത്താവ് ഈ നിയമനിർമ്മാണം നടത്തുന്നതിന് ബ്രിട്ടീഷുകാരെ പ്രേരിപ്പിച്ചു.

   (D) ഈ ആക്ട് പ്രകാരം സ്ത്രീകളുടെ വിവാഹ പ്രായം 12ൽ നിന്നും 14 ആക്കി ഉയർത്തി

   (A) A, B, C, D
   (B) A, B, C മാത്രം
   (C) B, C, D മാത്രം
   (D) B, C മാത്രം

2. ചേരുംപടി ചേർക്കുക

| | | | |
|---|---|---|---|
| (A) | ശ്രീനാരായണ ഗുരു | 1. | വേദാന്തിക നിരൂപണം |
| (B) | ചട്ടമ്പി സ്വാമി | 2. | ലങ്കാമർദ്ദനം |
| (C) | ഗുണ്ടർട്ട് | 3. | ദൈവ ചിന്തനം |
| (D) | പണ്ഡിറ്റ് കറുപ്പൻ | 4. | സ്മരണവിദ്യ |

   (A) A-4, B-1, C-3, D-2
   (B) A-3, B-4, C-2, D-1
   (C) A-2, B-1, C-3, D-4
   (D) A-3, B-1, C-4, D-2

3. താഴെ പറയുന്നവരിൽ 1932-ൽ ഗാന്ധി സ്ഥാപിച്ച ഹരിജൻ സേവക് സംഘിന്റെ ആദ്യ പ്രസിഡണ്ട് ആര്?

   (A) ഗ്യാൻ ശ്യാം ദാസ് ബിർള
   (B) ജംനാലാൽ ബജാജ്
   (C) ആചാര്യ നരേന്ദ്രദേവ്
   (D) എ.വി. തക്കർ

4. ചേരുംപടി ചേർക്കുക

| | | | |
|---|---|---|---|
| (A) | ചെങ്കുലത്ത് കുഞ്ഞിരാമൻ | 1. | കേരളമിത്രം |
| (B) | ദേവ്ജി ഭീമ്ജി | 2. | കേരളപത്രിക |
| (C) | മൂർക്കോത്ത് കുമാരൻ | 3. | കേരളകൗമുദി |
| (D) | കെ.സി. കുമാരൻ | 4. | മിതവാദി |

(A) A-4, B-3, C-1, D-2
(B) A-3, B-1, C-4, D-2
(C) A-2, B-1, C-3, D-4
(D) A-2, B-1, C-4, D-3

5. യഥാർത്ഥ സംഭവങ്ങളുമായി ബന്ധപ്പെട്ട് 1948ൽ എഴുതപ്പെട്ട പ്രസിദ്ധമായ തൊഴിൽ കേന്ദ്രത്തിലേക്ക് എന്ന നാടകം സമൂഹത്തിലെ ഏത് ജനവിഭാഗത്തിന്റെ സാമൂഹ്യപ്രശ്നങ്ങളെ പ്രതിനിധാനം ചെയ്യുന്നു.

(A) ഇംഗ്ലീഷ് വിദ്യാഭ്യാസം നേടിയ സ്ത്രീകൾ ജോലിയിൽ പ്രവേശിക്കുമ്പോൾ സമൂഹത്തിന്റെ ഭാഗത്തുനിന്ന് നേരിടുന്ന വെല്ലുവിളികൾ

(B) മിഷണറിമാർ സ്ഥാപിച്ച തൊഴിൽ കേന്ദ്രത്തിലേക്ക് ജോലിയെടുക്കാൻ വരുന്ന സ്ത്രീകൾ സമൂഹത്തിൽ നിന്നും നേരിടുന്ന പ്രശ്നങ്ങൾ.

(C) നിരാലംബകളുമായ അന്തർജനക്കാർ സ്ത്രീകൾ കൈതൊഴിലുകൾ എടുക്കാൻ പോകുമ്പോൾ നേരിടുന്ന സാമൂഹിക പ്രശ്നങ്ങൾ

(D) ഹരിജനങ്ങളായ സ്ത്രീകൾ ജോലി എടുക്കുന്ന സ്ഥലത്ത് നേരിടുന്ന ജാതീയമായ വിവേചനങ്ങൾ

(A) A മാത്രം
(B) B, D
(C) C മാത്രം
(D) D മാത്രം

6. താഴെ പറയുന്നതിൽ തെറ്റായ പ്രസ്താവന തിരഞ്ഞെടുക്കുക

(A) 2020 ഫെബ്രുവരി 29-ന് നടന്ന ദോഹ കരാർ പ്രകാരം അഫ്ഗാനിസ്ഥാനിൽനിന്നും അമേരിക്കയുടെയും സഖ്യകക്ഷികളുടെയും സൈന്യം പിൻമാറാനും അഫ്ഗാനിസ്ഥാനിൽ സമാധാനം പുനഃസ്ഥാപിക്കാനും താലിബാനുമായി ധാരണയായി.

(B) ദോഹ കരാർപ്രകാരം അഫ്ഗാനിസ്ഥാന്റെ മണ്ണിൽ അമേരിക്കക്കെതിരെ ഭീകരപ്രവർത്തനം നടത്താൻ ഒരു ശക്തികളെയും അനുവദിക്കില്ലെന്ന് താലിബാൻ ഉറപ്പുനൽകി.

(C) ദോഹ കരാർപ്രകാരം അഫ്ഗാനിസ്ഥാന്റെ ഭരണം സ്ഥാപിക്കാൻ താലിബാൻ നേതൃത്വത്തിലുള്ള ഇസ്ലാമിക് റിപ്പബ്ലിക് ഓഫ് അഫ്ഗാനിസ്ഥാന് അനുവാദം നൽകി

(A) A, B മാത്രം
(B) B മാത്രം
(C) C മാത്രം
(D) B ഉം C യും മാത്രം

7. താഴെ പറയുന്നതിൽ ചാറ്റ് ജിപിടി (Chat Gpt) യുടെ പൂർണ്ണരൂപം ഏത്?

(A) ചാറ്റ് ജനറേറ്റീവ് പർപ്പസ് ടെക്നോളജി

(B) ചാറ്റ് ജനറേറ്റീവ് പ്രി-ട്രെയിൻഡ് ട്രാൻസ്ഫോർമർ

(C) ചാറ്റ് ജനറേറ്റീവ് പ്രോഗ്രാം ട്രാൻസ്ഫോർമർ

(D) ചാറ്റ് ജനറേറ്റീവ് പ്രോഗ്രം ടെസ്റ്റർ

8. താഴെ പറയുന്ന പ്രസ്താവനകളിൽ (Gig economy) ആയി ബന്ധപ്പെട്ട ശരിയായവ തിരഞ്ഞെടുക്കുക.

(A) ഗിഗ് സമ്പദ് വ്യവസ്ഥ (Gig Economy) ഒരു സ്വതന്ത്ര മാർക്കറ്റ് സംവിധാനമാണ്. മാത്രമല്ല ഓൺലൈൻ മാർക്കറ്റ് സംവിധാനം കൂടിയാണ്.

(B) താല്ക്കാലികമായോ അല്ലെങ്കിൽ പാർട്ട്-ടൈം വിഭാഗത്തിലോ ആണ് ഈ മേഖലയിൽ ജോലിക്ക് ആളുകളെ നിയമിക്കുന്നത്.

(C) മികച്ച ശമ്പളവേതനവ്യവസ്ഥകളാണ് ഈ മേഖലയിൽ ജോലിചെയ്യുന്നവർക്കു വേണ്ടി നിലനിൽക്കുന്നത്.

(A) A, B മാത്രം (B) A, C മാത്രം

(C) B, C മാത്രം (D) A മാത്രം

9. താഴെ പറയുന്നതിൽ ഭാരതീയ ന്യായസംഹിതയുമായി (BNS) ബന്ധപ്പെട്ട ശരിയായ പ്രസ്താവനകൾ തിരഞ്ഞെടുക്കുക.

(A) ഈ നിയമസംഹിതയ്ക്ക് ഇന്ത്യൻ പ്രസിഡണ്ടിന്റെ അംഗീകാരം ലഭിച്ചത് 2023 നവംബർ 25-ന് ആണ്.

(B) നിലവിലെ ഭാരതീയ ന്യായ സംഹിതയിൽ (BNS) 385 വകുപ്പുകൾ ഉൾക്കൊള്ളിച്ചിരിക്കുന്നു.

(C) ഈ നിയമത്തിന്റെ ഒരു പ്രത്യേകതയാണ് ചില കുറ്റകൃത്യങ്ങൾക്ക് ഒരു നിശ്ചിത കാലയളവിലെ സാമൂഹ്യസേവനം ശിക്ഷയായി വിധിച്ചിട്ടുണ്ട്.

(A) A, B, C ശരിയാണ് (B) A, B മാത്രം

(C) C മാത്രം (D) B മാത്രം

10. താഴെ പറയുന്ന പ്രസ്താവനകളിൽ Tour de France മായി ബന്ധപ്പെട്ട ശരിയേത്?

(A) 1903 മുതൽ ആരംഭിച്ച ലോകത്തെ പ്രശസ്തമായ സൈക്കിൾ ഓട്ടമത്സരമാണ് ടൂർ ഡി ഫ്രാൻസ് (Tour de France)

(B) 2024-ൽ ടൂർ ഡി ഫ്രാൻസ് ആരംഭിക്കുന്നത് ഇറ്റലിയിൽനിന്നാണ്.

(C) ഫ്രഞ്ച് ജനതയെ ഒന്നിപ്പിക്കുക എന്നത് ഈ മത്സരത്തിന്റെ ലക്ഷ്യവും കൂടിയാണ്

(A) A, C
(B) A, B, C
(C) A മാത്രം
(D) A, B മാത്രം

11. താഴെ പറയുന്നതിൽ ഇന്ത്യൻ ഭരണഘടനയുടെ ഏത് ഭരണഘടനാഭേദഗതി പ്രകാരമാണ് വനിതാസംവരണബിൽ 2023-ൽ പാർലിമെന്റിൽ നടപ്പിലാക്കിയത്?

(A) 106 ഭേദഗതി
(B) 107 ഭേദഗതി
(C) 127 ഭേദഗതി
(D) 116 ഭേദഗതി

12. 1917-ൽ നടന്ന ബാൽഫർ പ്രഖ്യാപനം താഴെ പ്രസ്താവിച്ച ഏത് സംഭവവുമായി ബന്ധപ്പെട്ടിരിക്കുന്നു?

(A) ഐറിഷ് വിപ്ലവം

(B) ഒന്നാംലോക മഹായുദ്ധത്തിൽനിന്നും റഷ്യയുടെ പിൻവാങ്ങൽ

(C) അമേരിക്കയുടെ ഒന്നാംലോക മഹായുദ്ധത്തിലേക്കുള്ള പ്രവേശനം

(D) ജൂതരാഷ്ട്രരൂപീകരണം

13. ചേരുംപടി ചേർക്കുക

| | | | |
|---|---|---|---|
| (A) | രാഹുൽ പണ്ഡിത | 1. | അനിഹിലേഷസ് ഓഫ് കാസ്റ്റ് |
| (B) | ബി.ആർ. അംബേദ്കർ | 2. | ആർഗുമെന്റേറ്റീവ് ഇന്ത്യൻ |
| (C) | അമർത്യസെൻ | 3. | അവർ മൂൺ ഹാസ് ബ്ലഡ് ക്ലോട്സ് |
| (D) | രാമചന്ദ്രഗുഹ | 4. | ഗാന്ധി ബിഫോർ ഇന്ത്യ |

(A) A-3, B-1, C-2, D-4
(B) A-4, B-3, C-1, D-2
(C) A-2, B-1, C-3, D-4
(D) A-4, B-1, C-2, D-3

14. താഴെ പറയുന്നതിൽ 1986 ലെ ദേശീയവിദ്യാഭ്യാസ നയവുമായി ബന്ധപ്പെടാത്തത് ഏത്?

(A) 10 + 2 + 3 എന്ന വിദ്യാഭ്യാസഘടനയിലേക്ക് ഇന്ത്യയിലെ മൊത്തം വിദ്യാഭ്യാസത്തെ മാറ്റുക

(B) ദേശീയവിദ്യാഭ്യാസത്തിന് വേണ്ടി ദേശീയ ഗവേഷണ സ്ഥാപനം രൂപീകരിക്കൽ (NRF)

(C) ഓപ്പറേഷൻ ബ്ലാക്ക് ബോർഡ് (Operation Black Board)

(D) ഈ വിദ്യാഭ്യാസ പരിഷ്കാരത്തിന്റെ ഭാഗമായി ത്രിഭാഷാ പദ്ധതി രൂപീകരിച്ചു.

(A) B, C, A
(B) C, D, B
(C) B, D മാത്രം
(D) D മാത്രം

15. താഴെ പറയുന്നവയിൽ ഐക്യരാഷ്ട്രസംഘടനയ്ക്ക് കീഴിൽ പ്രവർത്തിക്കുന്ന ഏത് ഏജൻസിക്കാണ് സമാധാനത്തിനുള്ള നോബൽ സമ്മാനം 2 പ്രാവശ്യം ലഭിച്ചത്?

(A) UNICEF
(B) UNEP
(C) WFP
(D) UNHCR

16. വേർതിരിച്ചറിയുന്നു, വർഗ്ഗീകരിക്കുന്നു. ഇത് പ്രധാനമായും ഏതുദ്ദേശ്യത്തിന്റെ സ്പഷ്ടീകരണമാണ്?

(A) നൈപുണി
(B) അറിവ്
(C) പ്രയോഗം
(D) ഗ്രഹണം

17. പഠിതാവിന്റെ ശാരീരികമാനസിക വികാസത്തെ പരിഗണിക്കുന്ന പാഠ്യ പദ്ധതീതത്വം

(A) സന്തുലന തത്വം

(B) പക്വന തത്വം

(C) വ്യക്തി വൈജാത്യ തത്വം

(D) കാലഗണന തത്വം

18. അതിവർണ്ണനാഭ്യാസം ഉൾപ്പെടുന്നത്

(A) മുൻകൂർ സംഘാടനം

(B) ആഗമനചിത്തനം

(C) ആശയസമ്പാദനം

(D) സിതറ്റിക്ക്

19. അമൂർത്തചിന്തനം ഉൾപ്പെടുന്നത്

(A) ഔപചാരികമനോ വ്യാപാരഘട്ടം

(B) ആന്തരികാദിപ്രേരണ

(C) ബോധോദയഘട്ടം

(D) പൂർവ്വാശയഘട്ടം

20. സമൂഹത്തിന്റെ മനോഭാഷയായി രൂപപ്പെടുന്നതാണ്

(A) പടയണി

(B) പഴഞ്ചൊല്ല്

(C) കാക്കാരിശ്ശിനാടകം

(D) മാപ്പിളപ്പാട്ട്

21. ഗോണ്ഡി, കൂയി എന്നീ ഭാഷകൾക്ക് കൂടുതൽ അടുപ്പമുള്ളതായി കേരളപാണിനി നിരീക്ഷിക്കുന്ന ഭാഷ ഏതാണ്?

(A) തെലുങ്ക്

(B) കർണ്ണാടകം

(C) തമിഴ്

(D) മലയാളം

22. സാമാന്യത വർദ്ധിപ്പിക്കുന്ന പ്രക്രിയ എന്ന് ആശയവിനിമയത്തെ നിർവചിച്ചതാര്?

(A) ഡെനീസ് മാക്ക്വിൽ

(B) തിയഡോർ പെറ്റേഴ്സൺ

(C) പീറ്റർ ലിറ്റിൽ

(D) ബെർണാർഡ് ബെറൽസൺ

23. ഇന്ത്യയിലെ ആദ്യത്തെ മുദ്രിതഗ്രന്ഥമായി അറിയപ്പെടുന്ന കൃതി ഏത്?

(A) ഡോക്ട്രീന ക്രിസ്റ്റം

(B) ക്രിസ്റ്റ്യാനിറ്റി ഇൻ ട്രാവൻകൂർ

(C) ഡോക്ട്രീന ക്രിസ്റ്റം എൻലിൻഗ്വാ മലബാർ തമുൾ

(D) പുരാണക്രിസ്തു

24. വാസനാവികൃതി എന്ന കഥ ആദ്യമായി പ്രസിദ്ധീകരിക്കപ്പെട്ടത് ഏത് സാഹിത്യ മാസികയിലാണ്?

(A) വിദ്യാവിലാസിനി

(B) വിദ്യാവിനോദിനി

(C) ഭാഷാപോഷിണി

(D) രസികരഞ്ജിനി

25. 'ശിങ്കിടിപാടുക' എന്ന ശൈലി താഴെക്കൊടുത്തിരിക്കുന്ന ഏത് കലാരൂപവുമായി ബന്ധപ്പെട്ടുണ്ടായതാണ്?

(A) കഥകളി

(B) നാടകം

(C) തുള്ളൽ

(D) യക്ഷഗാനം

26. ഇന്ത്യയിൽ ഫോക്‌ലോറിനുവേണ്ടി മാത്രം ഉണ്ടായ മാസിക എന്ന് വിശേഷിപ്പിക്കപ്പെടുന്നത് ഏത്?

(A) ഫോക്‌ലോറിസ്റ്റിക്സ്

(B) ഇന്ത്യൻ ജേണൽ ഓഫ് ഫോക്‌ലോർ

(C) ഗ്രേറ്റ് ടീം ഇൻ ഫോക്‌ലോർ

(D) ഫോക്‌ലോർ

27. 'മേസ്തിരി' എന്ന പദം ഏതുഭാഷയിൽ നിന്നാണ് മലയാളത്തിലേക്കെത്തിച്ചേർന്നത്?

(A) ചൈനീസ്

(B) ഫ്രഞ്ച്

(C) പോർട്ട്ഗീസ്

(D) ഇംഗ്ലീഷ്

28. താഴെക്കൊടുത്തിരിക്കുന്ന നാല് പ്രസ്താവനകളും പൂർണ്ണമായി ശരിയാകുന്നത് ഏത് ആനുകാലികത്തെ സംബന്ധിച്ചാണ്?

- പൂർണ്ണമായും കവിതാമയമായി പ്രസിദ്ധീകരിക്കപ്പെട്ട ഇന്ത്യയിലെ ഏക ആനുകാലിക പ്രസിദ്ധീകരണം
- മലയാളത്തിലാദ്യമായി വിശേഷാൽ പ്രതികൾ പ്രസിദ്ധീകരിച്ച ആനുകാലികം
- ആംഗലകവികളുടെ കാല്പനിക കവിതകൾ പള്ളത്തുരാമൻ വിവർത്തനം ചെയ്തു ചേർത്തിരുന്ന ആനുകാലികം
- ഭാഷാവിലാസം എന്ന പേരിൽ ഒമ്പത് വിശേഷാൽ പ്രതികൾ പ്രസിദ്ധീകരിച്ച ആനുകാലികം

(A) വിവേകോദയം

(B) കവനകൗമുദി

(C) ഭാഷാപോഷിണി

(D) രസികരഞ്ജിനി

29. ദ്രാവിഡത്തിൽ ഒരിക്കലും ഉണ്ടായിട്ടില്ലാത്തതെന്ന് കേരളപാണിനി നിരീക്ഷിക്കുന്ന സവിശേഷതയേത്?

(A) പുരുഷഭേദം
(B) വർണ്ണവികാരം
(C) ഉദാത്താദിസ്വരഭേദം
(D) പ്രാദേശികഭേദം

30. പോർട്ടുഗീസുകാരുടെ മേൽ സാമൂതിരിയുടെ പട നേടിയ വിജയത്തിന്റെ പ്രതീകാത്മകമായ ആഘോഷമായി മാമാങ്കവേളയിൽ നടത്തപ്പെട്ടിരുന്നത് ഏതാണ്?

(A) ചാവേർ സംഘത്തിന്റെ ആക്രമണം
(B) രേവതി പട്ടത്താനം
(C) കപ്പലുകൾ തമ്മിലുള്ള മോക്ഫൈറ്റ്
(D) അരിയിട്ടുവാഴ്ച

31. തനതു നാടക സങ്കല്പത്തെ മുൻ നിർത്തിക്കൊണ്ട് സി.എൻ. ശ്രീകണ്ഠൻ നായർ രചിച്ച നാടകമേത്?

(A) കലി
(B) സാക്ഷി
(C) ശനിദശ
(D) അവനവൻ കടമ്പ

32. മൈക്രോബ്ലോഗിങ്ങിന് ഉദാഹരണമായി നല്കാവുന്നത് ഏത്?

(A) ഫേസ്ബുക്
(B) ട്വിറ്റർ
(C) കിൻഡിൽ
(D) യു ട്യൂബ്

33. ദ്രാവിഡഭാഷകളിൽ വ്യപേക്ഷകസർവനാമത്തിന്റെ ധർമ്മം നിർവ്വഹിക്കുന്നത് ഏതാണ്?

(A) പേരെച്ചം
(B) വിനയെച്ചം
(C) സന്ധി
(D) ക്രിയ

34. കഥകളിയിൽ ഏറ്റവും ലോകധർമ്മിയായ വേഷമേത്?

(A) പച്ച
(B) കത്തി
(C) മിനുക്ക്
(D) കരി

35. കൂത്തിലെ മിഴാവിനു പകരമായി തുള്ളലിൽ ഉപയോഗിക്കുന്ന വാദ്യോപകരണം ഏത്?

(A) തൊപ്പിമദ്ദളം
(B) ചെണ്ട
(C) ഇലത്താളം
(D) കുറുങ്കുഴൽ

36. സ്വനിമങ്ങൾ തമ്മിലുള്ള ബന്ധത്തെ സൂചിപ്പിക്കുന്ന പേര് എന്ത്?

(A) കാരകം (B) തദ്ധിതം

(C) താനം (D) വ്യത്യയം

37. 'കോട്ടം തീർന്നൊരു കോട്ടയം കഥകളി'ൽ ഉൾപ്പെടാത്തത് ഏത്?

(A) നിവാതകവചകാലകേയവധം

(B) കല്യാണ സൗഗന്ധികം

(C) കിർമ്മീരവധം

(D) കീചകവധം

38. താഴെക്കൊടുത്തിരിക്കുന്നവയിൽ അടൂർ ഗോപാലകൃഷ്ണന്റെ സിനിമകളിൽ പെടാത്തത് ഏത്?

(A) മുഖാമുഖം (B) എലിപ്പത്തായം

(C) കൊടിയേറ്റം (D) പോക്കുവെയിൽ

39. താഴെക്കൊടുത്തിരിക്കുന്നവയിൽ നിപാതത്തിന് ഉദാഹരണമായി നല്കാവുന്നതേത്?

(A) മഴപെയ്തില്ല; എങ്കിലും തണുപ്പുണ്ട്

(B) മേരി എന്ന പെൺകുട്ടി

(C) ബോബനും മോളിയും

(D) വടികൊണ്ടടിച്ചു

40. ബദ്ധരൂപിമങ്ങളിൽ ഉൾപ്പെടാത്തതേത്?

(A) വിഭക്തി (B) ലിംഗം

(C) കാലം (D) നാമം

41. മാതാപിതാക്കളിൽ നിന്നു വേറിട്ടുപോയ കുട്ടിയുടെ കഥ പറയുന്ന, മലയാളത്തിലെ നിശ്ശബ്ദ ചലച്ചിത്രം ഏതാണ്?

(A) കൂടപ്പിറപ്പ് (B) ബാലൻ

(C) വിഗത കുമാരൻ (D) ശശിധരൻ

42. താഴെക്കൊടുത്തിരിക്കുന്നവയിൽ 'പശ്ചിമോദയ'ത്തെ സംബന്ധിച്ച് തെറ്റായ പ്രസ്താവന ഏത്?
(A) മതപരമായ വിഷയങ്ങൾ പ്രതിപാദിച്ചു
(B) വൈജ്ഞാനികവിഷയങ്ങൾ പ്രതിപാദിച്ചു
(C) സാമാന്യവൽകൃതമായ ഭാഷ ഉപയോഗിച്ചു
(D) സംഖ്യാസൂചകമായി പഴയ മലയാള അക്കങ്ങൾ ഉപയോഗിച്ചു

43. ക്രിയയെയോ നാമത്തെയോ വിശേഷിപ്പിക്കാൻ ഉപയോഗിക്കാത്ത വിഭക്തി ഏത്?
(A) നിർദ്ദേശിക
(B) ആധാരിക
(C) ഉദ്ദേശിക
(D) പ്രതിഗ്രാഹിക

44. താഴെക്കൊടുത്തിരിക്കുന്നവയിൽ ശരിയായ പ്രസ്താവന തെരെഞ്ഞടുക്കുക
(A) പ്രചലിത ഫോക്‌ലോർ വിദൂരഭൂതകാല സംബന്ധിയാണ്
(B) പ്രചലിത ഫോക്‌ലോർ വർത്തമാനകാല സംബന്ധിയാണ്
(C) പ്രചലിത ഫോക്‌ലോർ നാശോന്മുഖ ഫോക്‌ലോറായി മാറില്ല
(D) പ്രചലിത ഫോക്‌ലോർ ആസന്നഭൂതകാല സംബന്ധിയാണ്

45. കോമഡി ഓഫ് എറേഴ്സ് എന്ന ഷേക്സ്പിയർ നാടകം മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തിയതാരായിരുന്നു?
(A) കല്ലൂർ ഉമ്മൻ ഫിലിപ്പോസ്
(B) കണ്ടത്തിൽ വറുഗീസ് മാപ്പിള
(C) എൻ. കൃഷ്ണപ്പിള്ള
(D) കൊച്ചീപ്പൻ തരകൻ

46. ദക്ഷിണേന്ത്യൻ ചരിത്രരചനയ്ക്ക് ദിശാബോധം നല്കുന്ന വിധത്തിൽ എടക്കൽ ഗുഹകളെ ലോകശ്രദ്ധയിലെത്തിച്ച ഗവേഷകൻ ആര്?
(A) ഹിപ്പാലസ്
(B) ഫോസെറ്റ്
(C) വാൻറീഡ്
(D) ഡിലനോയ്

47. മാമ്പള്ളി ശാസനത്തെപ്പറ്റി ചുവടെ കൊടുത്തിരിക്കുന്ന പ്രസ്താവനകളിൽ തെറ്റായത് തെരഞ്ഞെടുക്കുക
(A) സ്ഥാണുരവിയുടെ അഞ്ചാം ഭരണവർഷത്തിൽ എഴുതപ്പെട്ടു
(B) കൊല്ലവർഷം ആദ്യമായി ഉപയോഗിച്ചു
(C) ശ്രീവല്ലഭൻ കോതയെപ്പറ്റി പരാമർശമുണ്ട്
(D) കൊല്ലവർഷം 149ൽ ഉണ്ടായത് എന്നു വിശ്വസിക്കപ്പെടുന്നു

48. ഇ.വി. രാമസ്വാമി നായ്ക്കർ പങ്കെടുത്ത് അറസ്റ്റ് വരിച്ച സത്യഗ്രഹസമരം ഏത്?

(A) ഗുരുവായൂർ സത്യഗ്രഹം

(B) തിരുവാർപ്പ് സത്യഗ്രഹം

(C) വൈക്കം സത്യഗ്രഹം

(D) പയ്യന്നൂർ സത്യഗ്രഹം

49. കേരളീയ നടനകലയുടെ അടിസ്ഥാന ശാസ്ത്രമായി കണക്കാക്കപ്പെടുന്ന ഗ്രന്ഥം ഏത്?

(A) രാമായണം ക്രമദീപിക

(B) മനുഷ്യാലയ ചന്ദ്രിക

(C) ലീലാതിലകം

(D) അംഗുലീയാങ്കം

50. മലയാളനാടകസാഹിത്യത്തിൽ 'സുഘടിതനാടകം' എന്ന ആശയം അവതരിപ്പിച്ച നാടകകൃത്ത് ആര്?

(A) എൻ. കൃഷ്ണപിള്ള

(B) പൊൻകുന്നം വർക്കി

(C) ഇ.വി. കൃഷ്ണപിള്ള

(D) സി.ജെ. തോമസ്

51. 'സുഗുണവർദ്ധിനി' പ്രസ്ഥാനത്തിന് രൂപം നല്കിയ സാമൂഹ്യപരിഷ്കർത്താവ് ആര്?

(A) ഡോ. അയ്യത്താൻ ഗോപാലൻ

(B) അയ്യങ്കാളി

(C) വാഗ്ഭടാനന്ദൻ

(D) ബ്രഹ്മാനന്ദ സ്വാമികൾ

52. ഐക്യകേരളം തമ്പുരാൻ എന്നറിയപ്പെടുന്ന ഭരണാധികാരി ആരായിരുന്നു?

(A) കേരളവർമ്മ മഹാരാജാവ്

(B) സ്വാതിതിരുനാൾ മഹാരാജാവ്

(C) ശ്രീ ചിത്തിര തിരുനാൾ മഹാരാജാവ്

(D) വിശാഖം തിരുനാൾ മഹാരാജാവ്

53. അലിംഗബഹുവചനത്തിന് ഉദാഹരണമേത്?

(A) കേമികൾ

(B) സുന്ദരിമാർ

(C) മിടുക്കർ

(D) കള്ളന്മാർ

54. ഡൽഹിക്ക് പുറത്ത് ആദ്യമായി ദൂരദർശൻ കേന്ദ്രം നിലവിൽ വന്നത് എവിടെയാണ്?

(A) ലക്നൗ

(B) കൽക്കട്ട

(C) ബോംബെ

(D) ചെന്നൈ

55. ദൂരദർശൻ ദേശീയ ശൃംഖലയിൽ സംപ്രേഷണം ചെയ്ത ഹംലോഗ് എന്ന പരമ്പരയുടെ ഉദ്ദേശ്യമെന്തായിരുന്നു?

(A) ചരിത്രസ്മാരകങ്ങളെപ്പറ്റി അറിവ് പകരുക

(B) കുടുംബാസൂത്രണ സന്ദേശം പ്രചരിപ്പിക്കുക

(C) കായിക വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം പ്രചരിപ്പിക്കുക

(D) സമ്മതിദാനാവകാശം വിനിയോഗിക്കുന്നതുമായി ബന്ധപ്പെട്ടുള്ള ബോധവല്ക്കരണം നടത്തുക

56. ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യ കമ്പനിക്ക് മലബാറിലേറ്റ കനത്ത തിരിച്ചടികളിലൊന്നായി വില്യം ലോഗൻ രേഖപ്പെടുത്തിയ സംഭവമേത്?

(A) ആംഗ്ലോ മൈസൂർ യുദ്ധം

(B) മലബാർ കലാപം

(C) മൈസൂർ-ഏറാടിയുദ്ധം

(D) പനമരം കോട്ട ആക്രമണം

57. ഇന്ത്യൻ റേഡിയോ പ്രക്ഷേപണചരിത്രത്തിൽ 1947 നവംബർ 12 ന്റെ പ്രാധാന്യം എന്തായിരുന്നു?

(A) തിരുവിതാംകൂർ റേഡിയോ പ്രക്ഷേപണമാരംഭിച്ചു

(B) ആൾ ഇന്ത്യാ റേഡിയോ എന്ന പേര് നിലവിൽ വന്നു

(C) മഹാത്മാഗാന്ധി റേഡിയോ പ്രക്ഷേപണം നടത്തി

(D) നാട്ടുരാജ്യങ്ങളിൽ പ്രവർത്തിച്ച റേഡിയോ നിലയങ്ങൾ ഇന്ത്യാ ഗവൺമെന്റ് ഏറ്റെടുത്തു

58. 'മൂലദ്രാവിഡഭാഷയുടെ സ്വതന്ത്ര ശാഖയാണ് മലയാളം' എന്ന വാദഗതിയുടെ അവതാരകൻ ആര്?

(A) സി.എൽ. ആന്റണി

(B) ആറ്റൂർ കൃഷ്ണപ്പിഷാരടി

(C) വടക്കുംകൂർ രാജരാജവർമ്മ

(D) എ.ആർ. രാജരാജവർമ്മ

59. വർണ്ണങ്ങൾക്ക് ശ്വാസി, നാദി എന്ന വിഭജനം സംഭവിക്കുന്നതിന്റെ അടിസ്ഥാനമായി കേരളപാണിനി ചൂണ്ടിക്കാട്ടുന്നതെന്ത്?

(A) മാർഗ്ഗഭേദം

(B) സംസർഗ്ഗം

(C) ബാഹ്യപ്രയത്നം

(D) ആഭ്യന്തരപ്രയത്നം

60. താഴെക്കൊടുത്തിരിക്കുന്നവയിൽ ആകാശവാണിയുടെ ആദർശ വാക്യമേതാണ്?

(A) തമസോ മാ ജ്യോതിർഗമയാ

(B) ബഹുജനഹിതായ ബഹുജന സുഖായ

(C) സത്യം ശിവം സുന്ദരം

(D) നിർമ്മായ കർമ്മണാ ശ്രീ

61. ചെറോണയുടെയും അയ്യപ്പന്റെയും മകന്റെ ജീവിതസമരം ചിത്രീകരിക്കുന്ന ആത്മകഥ ഏത്?

(A) സി. കേശവൻ

(B) പൊക്കുടൻ

(C) മന്നത്ത് പദ്മനാഭൻ

(D) എം. കുഞ്ഞാമൻ

62. ചേരുംപടി ചേർക്കുക

| | |
|---|---|
| (A) ഓർമ്മയുടെ ഓളങ്ങളിൽ | 1. പുത്തൻകാവ് മാത്തൻ തരകൻ |
| (B) ഓർമ്മയുടെ തീരങ്ങളിൽ | 2. ബഷീർ |
| (C) ഓർമ്മയുടെ അറകൾ | 3. ജി. ശങ്കരക്കുറുപ്പ് |
| (D) ഓർമ്മകളുടെ നാട്ടിൽ | 4. തകഴി |

(A) A-4, B-2, C-1, D-3

(B) A-3, B-4, C-2, D-1

(C) A-1, B-2, C-3, D-4

(D) A-4, B-2, C-3, D-1

63. ''ഇത് കഥയല്ല, കവിതയല്ല, നിരൂപണമല്ല, കഴിഞ്ഞുപോയ ജീവിതകാലത്തിന്റെ സ്മരണകൾക്കിടയിൽനിന്ന് പെറുക്കിയെടുത്ത നുറുങ്ങുകൾമാത്രം'' - ഈ സാക്ഷ്യപ്പെടുത്തൽ ഉൾക്കൊള്ളുന്ന ആത്മകഥയുടെ പേരെന്ത്?

(A) സ്മരണമണ്ഡലം

(B) വ്യാഴവട്ടസ്മരണകൾ

(C) ആത്മകഥയ്ക്ക് ഒരു ആമുഖം

(D) പച്ചവിരൽ

64. ''ആശാന്റെ സങ്കീർണ്ണ വ്യക്തിത്വത്തെ ശരിക്കുമനസ്സിലാക്കുവാൻ ശ്രമിച്ചപ്പോഴുണ്ടായ പ്രയാസങ്ങളും വികാരതരംഗങ്ങളും സംഗമിച്ചപ്പോൾ അതിനൊരു പ്രകാശനം നൽകുന്നത് ഒരാശ്വാസമായിത്തോന്നി'' - എന്ന പ്രസ്താവന ഉൾക്കൊള്ളുന്ന ജീവചരിത്രഗ്രന്ഥം ഏത് ?

(A) മൃത്യുഞ്ജയം കാവ്യജീവിതം

(B) അറിയപ്പെടാത്ത ആശാൻ

(C) ആശാന്റെ നോട്ട്ബുക്കുകൾ

(D) മഹാകവി കുമാരനാശാൻ ജീവിതം സാഹിത്യം ദർശനം

65. എ.വി. അനിൽകുമാർ രചിച്ച ''ചരിത്രത്തിനൊപ്പം നടന്ന ഒരാൾ'' എന്ന ജീവചരിത്രത്തിൽ പരാമർശിക്കുന്ന ചരിത്രപുരുഷനാര്?

(A) എ.കെ. ജി

(B) ഇ.എം.എസ്.

(C) വി.എസ്

(D) കെ. ആർ. ഗൌരിയമ്മ

66. ''അമേരിക്ക ക്ഷയിക്കാനാരംഭിച്ച ഒരു സമൂഹമാണ്. കുതിച്ചുകയറിയ ഗ്രാഫ് മൂർദ്ധന്യത്തിലെത്തിക്കഴിഞ്ഞശേഷം താഴോട്ടേക്ക് യാത്ര ആരംഭിച്ചുകഴിഞ്ഞു. അതൊരുപക്ഷേ പ്രകൃതിയുടെ നിയമമായിരിക്കാം'' - ഈ നിരീക്ഷണം ഉൾക്കൊള്ളുന്ന യാത്രാവിവരണഗ്രന്ഥം ഏത്?

(A) അമേരിക്കയിലൂടെ

(B) അമേരിക്കൻ തിരശ്ശീല

(C) അമേരിക്കൻ അനുഭവങ്ങൾ

(D) ആൾക്കൂട്ടത്തിൽ തനിയേ

67. മലയാളികൾക്കിടയിലെ ജാതിമതവേർതിരിവുകൾക്ക് യാതൊരടിസ്ഥാനവുമില്ലെന്ന് ശാസ്ത്രീയമായി തെളിയിക്കുന്ന, കേരളീയരുടെ ജനിതക ചരിത്രം വിശകലനം ചെയ്യുന്ന ''മലയാളി ഒരു ജനിതകവായന'' എന്ന വൈജ്ഞാനികഗ്രന്ഥത്തിന്റെ കർത്താവാര്?

(A) കെ. സേതുരാമൻ

(B) സേതുരാമയ്യർ

(C) മനു എസ് പിള്ള

(D) വിനിൽ പോൾ

68. കൊഗ്നറ്റീവ് ന്യൂറോളജിയുടെ തലത്തിൽ ഉൾപ്പെടുന്ന ചിന്തകളും വാക്കുകളും സർഗ്ഗാത്മകതയും അപഗ്രഥിക്കുന്ന ''ചിരിയും ചിന്തയും സർഗ്ഗാത്മകതയും'' എന്ന വൈജ്ഞാനികഗ്രന്ഥം രചിച്ചതാര്?

(A) ഡോ. എസ്. രാജശേഖരൻ

(B) ഡോ. പി.കെ. രാജശേഖരൻ

(C) ഡോ.കെ. രാജശേഖരൻ നായർ

(D) ഡോ.വി. രാജകൃഷ്ണൻ

69. ''കേരളത്തിലെ പക്ഷികൾ'' എന്ന വിഖ്യാതഗ്രന്ഥം രചിച്ച ഇന്ദുചൂഡൻ എന്ന തൂലികാനാമത്തിൽ അറിയപ്പെടുന്ന വ്യക്തിയുടെ യഥാർത്ഥപേരെന്ത്?

(A) കെ.കെ. നീലകണ്ഠൻ

(B) നീലകണ്ഠശാസ്ത്രികൾ

(C) നീലകണ്ഠശർമ

(D) സി.ആർ. നീലകണ്ഠൻ

70. ചേരുംപടി ചേർക്കുക.

| | |
|---|---|
| (A) കാശ്മീർ | 1. രാജൻ കാക്കനാടൻ |
| (B) ഹിമഗിരിവിഹാരം | 2. എം.പി. വീരേന്ദ്രകുമാർ |
| (C) ഹൈമവതഭുവിൽ | 3. തപോവനസ്വാമികൾ |
| (D) ഹിമവാന്റെ മുകൾത്തട്ടിൽ | 4. എസ്.കെ. പൊറ്റക്കാട്ട് |

(A) A-3, B-4, C-1, D-2

(B) A-2, B-1, C-4, D-3

(C) A-3, B-1, C-2, D-4

(D) A-4, B-3, C-2, D-1

71. ''നഗരകാമങ്ങളും ബഷീറും'' എന്ന ലേഖനത്തിൽ മുഹമ്മദ് അബ്ബാസ് ബഷീറിന്റെ ഏത് കഥയെയാണ് തന്റെ ജീവിതവുമായി ബന്ധിപ്പിച്ച് അപഗ്രഥിക്കുന്നത്?

(A) ശബ്ദങ്ങൾ

(B) വിശപ്പ്

(C) വിശ്വവിഖ്യാതമായ മൂക്ക്

(D) പൂവമ്പഴം

72. തിണസങ്കല്പനത്തിൽ കവിതയിലെ പ്രമേയം അഥവാ വൈകാരികാനുഭവത്തെ സൂചിപ്പിക്കുന്ന പൊരുൾ ഏതാണ്?

(A) മുതൽപ്പൊരുൾ

(B) ഉരിപ്പൊരുൾ

(C) കരുപ്പൊരുൾ

(D) കൈക്കിളൈ

73. വിവേകമില്ലാത്ത സഹൃദയരെ വിശേഷിപ്പിക്കാൻ രാജശേഖരൻ ഉപയോഗിക്കുന്ന പദം ഏത്?

(A) അരോചികൾ

(B) മത്സരികൾ

(C) തത്വാഭിനിവേശികൾ

(D) സതൃണാഭ്യവഹാരികൾ

74. വ്യംഗ്യമില്ലാതെ വാച്യം മാത്രമുള്ള കാവ്യങ്ങളെ ആനന്ദവർദ്ധനൻ ——— എന്ന് വിശേഷിപ്പിക്കുന്നു?

(A) ചിത്രകാവ്യം

(B) ഗുണീഭൂതവ്യംഗ്യം

(C) ധ്വനികാവ്യം

(D) രസധ്വനികാവ്യം

75. താഴെ പറയുന്ന കാവ്യശാസ്ത്രസിദ്ധാന്തങ്ങൾ അവ ആവിഷ്കരിച്ച സൈദ്ധാന്തികരുമായി ചേരുംപടി ചേർക്കുക.

| | |
|---|---|
| (A) ട്രാൻസ്പോർട്ടേഷൻ തിയറി | 1. ഐ.എ. റിച്ചാഡ്സ് |
| (B) ഒബ്ജക്റ്റീവ് കോ റിലേറ്റീവ് തിയറി | 2. ക്രോച്ചെ |
| (C) ഇന്റ്യൂഷൻ തിയറി | 3. ലോഞ്ചിനസ് |
| (D) സിനസ്തസിസ് തിയറി | 4. ടി.എസ്. എലിയറ്റ് |

(A) A-4, B-1, C-3, D-2

(B) A-3, B-4, C-2, D-1

(C) A-4, B-1, C-3, D-2

(D) A-2, B-1, C-4, D-3

76. ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക.

കാര്യം - കലയിൽ കള്ളനാണയങ്ങൾ ഉണ്ടാകുന്നു.

കാരണം 1. കല ഒരു തൊഴിലായിത്തീർന്നു.

കാരണം 2. കല പഠിപ്പിക്കാൻ കലാപീഠങ്ങൾ ഉണ്ടായി.

കാരണം 3. കലാകാരന്റെ ആത്മാർത്ഥത.

(A) എല്ലാം ശരിയാണ്

(B) കാര്യവും കാരണം 1, കാരണം 3 ശരിയാണ്

(C) കാര്യവും കാരണം 1, കാരണം 2 ശരിയാണ്

(D) കാര്യം തെറ്റ് കാരണം  മാത്രം ശരി.

77. പ്രസ്താവന 1 ദുരന്തനാടകത്തിൽ ദുരന്തത്തിന്റെ കാരണം ഹാമർഷ്യയാണ്

പ്രസ്താവന 2. ഹാമർഷ്യ സ്ഥിതിവിപര്യയം, പ്രത്യഭിജ്ഞാനം എന്ന് രണ്ട് തരത്തിലുണ്ട്

പ്രസ്താവന 3. ദുരന്തനാടകത്തിന്റെ പ്രയോജനം കഥാർസിസ് ആണ്.

(A) പ്രസ്താവന 1, 2 ശരിയാണ്

(B) പ്രസ്താവന 3 മാത്രം ശരിയാണ്

(C) എല്ലാം ശരിയാണ്

(D) പ്രസ്താവന 1 മാത്രം തെറ്റാണ്.

78. ''നിരൂപകൻ പക്ഷപാതം പ്രകടിപ്പിക്കണം. അത് വ്യക്തിപക്ഷപാതം അല്ല, ഗുണപക്ഷപാതം ആയിരിക്കണം'' എന്ന് അഭിപ്രായപ്പെട്ട മലയാളനിരൂപകൻ ആര്?

(A) മുണ്ടശ്ശേരി
(B) മാരാർ
(C) എം.പി.പോൾ
(D) കേസരി

79. ''മലയാളസാഹിത്യത്തിൽ ആദ്യത്തെ ഫെമിനിസ്റ്റ് കവിയാരാണ് എന്ന ചോദ്യത്തിന് ഉണ്ണായിവാര്യർ എന്ന ഉത്തരം കിട്ടാവുന്ന രീതിയിൽ ആ കവി ദമയന്തിക്ക് ഇതിഹാസത്തിൽ നിന്നു വ്യത്യസ്തമായ വ്യക്തിത്വം നൽകി, പീഡിതസ്ത്രീപക്ഷത്തിന്റെ അഭിഭാഷകനാകുന്നു.'' - ആരുടെ നിരീക്ഷണമാണ് ഇ വരികൾ?

(A) എം. ലീലാവതി
(B) സാറാ ജോസഫ്
(C) ജെ. ദേവിക
(D) പി.ഗീത

80. കേരളപാണിനീയത്തെക്കുറിച്ച് ശേഷഗിരിപ്രഭുവിന്റെ ലേഖനപരമ്പര പ്രത്യക്ഷപ്പെട്ട മാസിക ഏത്?

(A) വിദ്യാവിനോദിനി
(B) മംഗളോദയം
(C) രസികരഞ്ജിനി
(D) ഭാഷാപോഷിണി

81. ആദ്യമായി രാമചരിതം പൂർണ്ണമായി വ്യാഖ്യാനിച്ചതാര്?

(A) ഇളംകുളം കുഞ്ഞൻപിള്ള

(B) ഉള്ളൂർ എസ്. പരമേശ്വരയ്യർ

(C) കെ. സാംബശിവ ശാസ്ത്രികൾ

(D) പി.വി. കൃഷ്ണൻ നായർ

82. ''പുനരവനും നിജപാപം കളവാൻ പുരുഷോത്തമകഥ ചൊല്കതുനിഞ്ഞേൻ''

ഏതു കവിയെക്കുറിച്ചാണ് പരാമർശം?

(A) ചെറുശ്ശേരി

(B) രാമപ്പണിക്കർ

(C) എഴുത്തച്ഛൻ

(D) ചീരാമകവി

83. ഇരവിക്കുട്ടിപ്പിള്ള പ്പോരിന്റെ മറ്റൊരു പേര്?

(A) കണിയാങ്കുളത്തു പോര്

(B) കന്നടിയാൻ പോര്

(C) ഇരവികുലപ്പോര്

(D) ഉലകുട പെരുമാൾ പോര്

84. ''ഇത്തറവാടിത്ത ഘോഷണത്തെപ്പോലെ വൃത്തികെട്ടിട്ടില്ല മറ്റൊന്നു മൂഴിയിൽ''

ഏതു കവിതയിലെ വരികൾ ?

(A) കറുത്ത ചെട്ടിച്ചികൾ

(B) കയ്പവല്ലരി

(C) മദിരാശിയിൽ ഒരു സായാഹ്നം

(D) കുടുംബ പുരാണം

85. ''ധന്യാഭാനോ: പുലരി വഴി വെള്ളാട്ടിഭാനുക്കളെന്നും പൊന്നിൻ ചൂൽ ക്കൊണ്ടിരുൾ മയവടി ക്കാടടിച്ചങ്ങുനീക്കി''

ഏതു കാവ്യത്തിൽ നിന്നുള്ള വരികളാണിവ?

(A) ഉണ്ണുനീലി സന്ദേശം

(B) കോക സന്ദേശം

(C) മയൂര സന്ദേശം

(D) ഉണ്ണിയാടിചരിതം

86. ''ബാലക ലീലകളാണ്ടു നടന്നതും പാലോടു വെണ്ണകട്ടുണ്ടു കളിച്ചതും''

ആരുടെ വരികളാണിവ?

(A) ചെറുശ്ശേരി

(B) എഴുത്തച്ഛൻ

(C) സുഗതകുമാരി

(D) ഒ.എൻ.വി.

87. നളോദയം മഹാകാവ്യം രചിച്ചതാര്?

(A) അഴകത്തു പത്മനാഭ കുറുപ്പ്

(B) പന്തളം കേരളവർമ്മ

(C) വിദ്വാൻ പി.ജി. നായർ

(D) കിളിമാനൂർ രാജരാജവർമ്മ

88. ''അതിന്റെ കാതിന്മേൽ/കടലിരമ്പീലാതിരതുള്ളുമ്പീല'' - കവിതയേത്?

(A) കൂന്തച്ചേച്ചി

(B) ജസ്സി

(C) കൊല്ലേണ്ടതെങ്ങനെ?

(D) സംക്രമണം

89. താഴെ പറയുന്ന പ്രസ്താവന മനസ്സിലാക്കി ശരിയായ ഉത്തരം തെരഞ്ഞെടുക്കുക.

i) ഋതു ഭേദങ്ങൾ എന്ന ബ്ലോഗ് ഡോണ മയൂരയുടേതാണ്

ii) വിശാഖം കുഴൂർ വിത്സന്റെ ബ്ലോഗാണ്.

iii) ജ്യോതിസ് ജനി ആൻഡ്രൂസിന്റെ ബ്ലോഗാണ്.

iv) ടി.പി. വിനോദിന്റെ ബ്ലോഗിന്റെ പേര് ലാപുട എന്നാണ്.

(A) എല്ലാം ശരിയാണ് (i, ii, iii & iv)

(B) ഒന്നും രണ്ടും ശരിയാണ് (i & ii)

(C) മൂന്നും നാലും ശരിയാണ് (iii & iv)

(D) എല്ലാം തെറ്റാണ് (i, ii, iii & iv)

90. പൊറള് എന്ന കഥാ സമാഹാരം രചിച്ചതാര്?

(A) മനോജ് വെങ്ങോല

(B) നാരായൻ

(C) അംബികാസുതൻ മാങ്ങാട്

(D) വത്സല

91. പെൺ മൊഴിവഴികൾ എന്ന പുസ്തകം തയ്യാറാക്കിയതാര്?

(A) സച്ചിദാനന്ദൻ

(B) ആറ്റൂർ രവിവർമ്മ

(C) വി.എം. ഗിരിജ

(D) കെ.ജി. ശങ്കരപ്പിള്ള

92. മൃഗബലികൾ വിജയോത്സവങ്ങൾ എന്ന ലേഖനം ഇന്ദുലേഖയെന്ന നോവലിനെ കുറിച്ചെഴുതിയതാര്?

(A) ഗീത

(B) കെ.എം. നരേന്ദ്രൻ

(C) ഇ.വി. രാമകൃഷ്ണൻ

(D) വി.സി. ശ്രീജൻ

93. സാറാ ജോസഫ് എന്ന എഴുത്തുകാരിയെ കുറിച്ച് താഴെ പറയുന്ന പ്രസ്താവനകൾ പരിശോധിച്ച് ശരിയായ ഉത്തരം തെരെഞ്ഞടുക്കുക

i) ആദ്യകഥാസമാഹാരം പാപത്തറ ആണ്

ii) കായൽ സാറാ ജോസഫിന്റെ നോവലിലെ കഥാപാത്രമാണ്

iii) സ്കൂട്ടർ സാറാ ജോസഫിന്റെ കഥയാണ്

iv) സാറായണങ്ങൾ സാറാ ജോസഫിന്റെ ഓർമ്മകുറിപ്പുകൾ ഉൾക്കൊള്ളുന്ന കൃതിയാണ്

(A) ഒന്നും രണ്ടും മൂന്നും (i, ii, & iii)

(B) രണ്ടും മൂന്നും നാലും (ii, iii & iv)

(C) ഒന്നും രണ്ടും നാലും (i, ii & iv)

(D) രണ്ടും മൂന്നും (ii & iii)

94. താഴെപ്പറയുന്നതിൽ ബഷീറിന്റെ കൃതി അല്ലാത്തതേത്?

(A) സ്ത്രീകളുടെ സൈക്കിൾ യജ്ഞം

(B) നോട്ട് ഇരട്ടിപ്പ്

(C) ലൗവാകുക

(D) കാക്കത്തൊള്ളായിരം

95. ‘‘കറുത്ത് പൊക്കത്തിൽ എല്ലുന്തിയ കയ്യിൽ നിറയെ രോമമുള്ള ദേവുവിനെ കണ്ടാൽ മഴക്കാലത്ത് വരുച്ചാലിൽ വീണു ചത്ത കൊമ്പിപ്പയ്യിനെയാണ് ഓർമ്മവരിക’’

എം.ടി.യുടെ ഏതു നോവലിലെ വരികളാണിത്?

(A) കാലം

(B) പാതിരാവും പകൽവെളിച്ചവും

(C) മഞ്ഞ്

(D) അസുരവിത്ത്

96. മയ്യഴിപ്പുഴയുടെ തീരങ്ങളിൽ എന്ന നോവലിനെ ആസ്പദമാക്കി മാഹിയിൽ ശില്പപരമ്പര തീർത്തതാര്?

(A) എ.എസ്.നായർ

(B) എം.വി.ദേവൻ

(C) കെ.ആർ.കെ. വേങ്ങര

(D) കാനായി കുഞ്ഞിരാമൻ

97. കോത്താഴത്തുകാരൻ ദൊമ്മിനിയെ അവതരിപ്പിക്കുന്ന മലയാള നോവൽ

(A) ആലാഹയുടെ പെൺമക്കൾ

(B) ചാവുതുള്ളൽ

(C) അക്കപ്പോരിന്റെ ഇരുപത് നസ്രാണി വർഷങ്ങൾ

(D) ഒതപ്പ്

98. താഴെ പറയുന്നതിൽ ശരിയായ പ്രസ്താവന തെരെഞ്ഞടുക്കുക

i) കാരൂരിന്റെ കൃതിയാണ് മീൻകാരി

ii) എന്റെ ഫോറിൻ കുട ബഷീർ രചിച്ചതാണ്

iii) എന്റെ അമ്മ തകഴിയുടെ രചനയാണ്

iv) ദൈവവിളി കെ.ആർ. മീരയുടെ കഥയാണ്

(A) മൂന്ന് (iii)

(B) ഒന്ന് (i)

(C) മൂന്നും നാലും (iii & iv)

(D) ഒന്നും രണ്ടും (i & ii)

99. സിനിമാറ്റിക് നോവൽ എന്നു വിശേഷിപ്പിക്കാവുന്ന കൃതി ഏത്?

(A) ബുധിനി

(B) റാം C/o ആനന്ദി

(C) പെരും ആൾ

(D) എക്സിമോ ഇരപിടിക്കുന്ന വിധം

100. നീരാളിയൻ എന്ന കഥ രചിച്ചതാര്?

(A) അംബികാസുതൻ മാങ്ങാട്

(B) നാരായൻ

(C) ടി.കെ.സി. വടുതല

(D) തകഴി ശിവശങ്കരപ്പിള്ള

SPACE FOR ROUGH WORK